# ഉദ്ദേശ്യവും, ഉള്ളടക്കവും

യുഗങ്ങളായി ജനം, രാജാക്കന്മാരോ, രാജവംശങ്ങളോ, അധി നിവേശശക്തികളോ ആയ ഭരണാധികാരികളുടെ പ്രജകളായി രുന്നു. ഇപ്പോൾ ആ ജനം വാച്യാർത്ഥത്തിൽ ഭരണാധികാരി കളാണ്. എങ്കിലും, അവർ അറിയാതെ തന്നെ വഴിയൊരുക്കുക യാണ്; രാജാക്കന്മാർക്കു വേണ്ടിയല്ലെങ്കിൽ, അധിനിവേശശക്തി കൾക്കും, കുടുംബ വാഴ്ചയ്ക്കും വേണ്ടി, ക്രിമിനലുകൾക്കും, ഉപജാപക സംഘങ്ങൾക്കും വേണ്ടി. അവർക്കാകട്ടെ അവരുടെ അധികാര ക്കോട്ടകളുടെ അടിയിൽ കഴിയുന്ന സാധാരണ സമ്മതിദായകർ യാതൊരു അസ്തിത്വവുമില്ലാത്തവരാണ് താനും. കഥ ആവർത്തിച്ചു കൊണ്ടേയിരിക്കുന്നു!!!

ഇതാണ് 1947 നു ശേഷമുള്ള ദശകങ്ങളിൽ, മാറി മാറി വന്ന ഭരണകൂടങ്ങളിൽ നിന്ന് ഒരാൾക്ക് ലഭിക്കുന്ന ചിരപരിചിതമായ അനുഭവം. ഉന്നതമായ ആദർശങ്ങളുടേയും, ധാർമ്മിക മൂല്യങ്ങളുടേയും, ത്യാഗസന്നദ്ധതയുടേയും ദിനങ്ങളെ പിൻതള്ളി രാഷ്ട്രം ഇന്ന് സഹനത്തിൻറേയും, ദുരിതത്തിൻറേയും, മൂല്യ ങ്ങളുടെ തകർച്ചയുടേയും ഇരുണ്ട യുഗത്തിലേയ്ക്ക് കൂപ്പുകുത്തി യിരിക്കുന്നു. സാമ്പത്തിക വളർച്ച തകരാറിലാകുന്നു, വികസന ത്തിൽ സങ്കൽപ്പിക്കാനാവാത്ത തിരിച്ചടിയുണ്ടാകുന്നു, സമ്പന്നനും, ദരിദ്രനും തമ്മിലുള്ള അന്തരം വളർന്നു കൊണ്ടേയിരിക്കുന്നു, ആശയും, പ്രതീക്ഷയും കൈവെടിഞ്ഞ് ആളുകൾ നക്സലുകൾ പോലുമായിത്തീരുന്നു!!! എല്ലായിടത്തും ശോഷണവും, അധഃപത നവുമാണ്, സത്യസന്ധതയില്ലായ്മയും, പണത്തോടുള്ള അടങ്ങാത്ത ആർത്തിയുമാണ്, അധികാര ത്തിൻറെ അപ്പക്ക ഷണങ്ങൾക്കു വേണ്ടിയുള്ള കടിപിടിയും, ഭീമാകാരമായ അഴിമതിയുമാണ്.

കാലിത്തീറ്റ, ജെ.എം.എം കൈക്കൂലി, പാർലമെൻറ് ചോദ്യങ്ങൾക്കു പണം, താജ് കൊറിഡോർ, 2 ജി, കൽക്കരി തുടങ്ങിയ വൻ കുംഭകോണങ്ങളിലും, പരിധിയിൽ കവിഞ്ഞ് സ്വത്ത് സമ്പാദിച്ച് കേസുകളിലും കഴുത്തറ്റം മുങ്ങിക്കിടക്കുന്ന എത്രയോ നേതാക്കന്മാരെ കണ്ടിട്ടും, ജനസാമാന്യത്തിൻറെ ബോധം മൂടൽ ബാധിച്ചു കിടക്കുകയാണ്. ആട്ടിൻ കൂട്ടങ്ങളെ പോലെ അവർ ഈ നേതാക്കൾക്ക് പിന്നിൽ അണിനിരക്കുകയും, തുടർച്ചയായി അവരെ അധികാരത്തിൽ അവരോധിക്കുകയും ചെയ്യുന്നു.

ബകാസുരന്മാരെയാണ് അവർ മാന്യദേഹങ്ങളായി ഉയർത്തിക്കാട്ടുന്നതെന്ന കാര്യം അവർക്ക് ഒരിക്കലും ബോധ്യപ്പെടുന്നില്ല. കണ്ണു മൂടപ്പെട്ട അവർ ഇപ്പോഴും അത്തരം അഴിമതിക്കാരെ വമ്പൻ ക്രിമിനലുകളായി കാണുന്നില്ല, അവരുടെ നേതൃത്വത്തെ പുറത്താക്കുന്നതിനു പകരം ഇപ്പോഴുമവർ ഇങ്ങനെ പറയുന്നു "ഇതൊക്കെയേ ഇവിടെ നടക്കൂ."

പല ആളുകളും ശബ്ദം ഉയർത്തുകയും, തെറ്റുകൾക്കെതിരെ ഡോൺ കിക്സോട്ട് മാതൃകയിൽ യുദ്ധം ചെയ്യാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, കാലക്രമേണ, ദുർബലരാക്കപ്പെട്ട്, ഒടുവിൽ അവർ സദാ വളർന്നു കൊണ്ടിരിക്കുന്ന അഴിമതി എന്ന രാക്ഷസൻറെ കുരുക്കിൽ പെട്ടു അവസാനിക്കുകയും ചെയ്യുന്നു. രാജ്യത്തെക്കുറിച്ചും, നമ്മുടെ മണ്ണിനെക്കുറിച്ചും, അതിനു വേണ്ടി രക്തം ചിന്തിയ ജവാന്മാരെ കുറിച്ചും ഓർമ്മപ്പെടുത്തുന്ന ദേശഭക്തിഗാനങ്ങൾ അവരെ നിസ്സഹായമായ പേടിസ്വപ്നങ്ങളിലേക്ക് തള്ളിയിടുന്നു.

എന്നിരുന്നാലും, ഒരു ദിവസം അണ്ണാ ഹസാരെ, കിരൺ ബേദി, അരവിന്ദ് കേജ്‌രിവാൾ തുടങ്ങിയവർ മുന്നിട്ടിറങ്ങിയപ്പോൾ പലരും ആശ്വാസത്തോടെ ഒന്ന് നിശ്വസിച്ചു. സത്യസന്ധതയില്ലായ്മയുടെ വ്യവസ്ഥാപിതമായ നിയമങ്ങളെ പിഴുതെറിയാൻ ശേഷിയുള്ള ശക്തമായ ഒരു ലോക്പാൽ ബിൽ പാസ്സാക്കുക എന്ന ആവശ്യമുന്നയിച്ചുകൊണ്ടുള്ള അവരുടെ പ്രക്ഷോഭത്തെ ജനങ്ങൾ,

ഉയരുന്ന പ്രതീക്ഷകളോടെ, കൂടിച്ചേർന്ന് വൻവിജയമാക്കി. ഇതിനെ ഒരു രണ്ടാം സ്വാതന്ത്ര്യ സമരമായി കണക്കാക്കിയ അവർ അഴിമതിയുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് വിമോചിതമായ ഒരു രാഷ്ട്രത്തെ സ്വപ്നം കണ്ടു. യഥാർത്ഥ വികസനത്തിൻറെ നാന്ദിയായിരിക്കും അതെന്ന് അവർ ശരിയായി വിലയിരുത്തി.

എത്ര ആകാംക്ഷയോടെയാകും പിന്നീട് ചുരുളഴിഞ്ഞ നാടകങ്ങൾ അവർ നോക്കിക്കണ്ടതെന്ന് സങ്കൽപ്പിക്കാനാകും. രാഷ്ട്രീയ വർഗ്ഗം ഒത്തുചേർന്ന് അങ്ങനെയൊരു നിയമം പാസ്സാക്കാൻ പോകുന്നു വെന്ന അംഗവിക്ഷേപങ്ങൾ കാണിക്കുകയും, ചർച്ചകളിലൂടെ ആ പ്രക്രിയയെ വൈകിക്കുകയും ചെയ്തു. തുടർച്ചയായി പാർലമെൻറ് സമ്മേളനങ്ങൾ യാതൊരു ഗുണഫലവും സൃഷ്ടിക്കാതെ കൂടുകയും, പിരിയുകയും ചെയ്തു. എന്നാൽ, അതേ സമയം ബില്ലിനെ അനുകൂലിക്കുന്നുവെന്ന നാട്യത്തിലൂടെ അവർ ജനങ്ങളുടെ കണ്ണിൽ പൊടിയിടുകയും, പ്രക്ഷോഭത്തിൻറെ നേതാക്കൾക്കിടയിൽ ഭിന്നതയുടെ വിത്തുകൾ പാകുകയും ചെയ്തു. ജനങ്ങളുടെ സ്വാഭാവികവും, അനർഗളവുമായ ആ പ്രക്ഷോഭത്തെ അവർ ഒടുവിൽ മെരുക്കിയെടുക്കുകയും, അഴിമതിക്കെതിരെയുള്ള എന്തെങ്കിലും യഥാർത്ഥ നടപടി വീണ്ടുമൊരു വിദൂരസ്വപ്നമായിത്തീരുകയും ചെയ്തു. തങ്ങളുടെ തന്ത്രങ്ങളും, വിദ്യകളും കൊണ്ട് രാഷ്ട്രത്തെ കബളിപ്പിക്കാമെന്ന് അഹങ്കരിക്കുകയും, നീറോയെ പോലെ വീണ വായിച്ചു കൊണ്ട്, "ഞങ്ങളാണ് പാർലമെൻറ്. ഞങ്ങൾക്കാണ് പരമാധികാരം. രാഷ്ട്രം ഞങ്ങളുടെ കാരുണ്യത്തിലാണ് കഴിയുന്നത്" എന്ന് വിശ്വസിക്കുകയും ചെയ്യുന്ന അക്കൂട്ടരെ തെരഞ്ഞെടുത്തതിൽ ആ ജനങ്ങൾ എത്ര പശ്ചാത്തപിക്കുന്നുണ്ടാകും!

ഭരണനിർവ്വഹണത്തിൻറെ മർമ്മസ്ഥാനങ്ങളിലിരുന്ന് ജനങ്ങളുടെ തലകൾക്കു മീതെക്കൂടെ തേരുരുട്ടിക്കളിക്കുന്ന ഈ ബകാസുരന്മാരെ പിടിച്ചു നിർത്തി കണക്കു ചോദിക്കാൻ ഇന്ത്യക്ക് കഴിയുന്നതു വരെ വരെ അവർ സ്വയം നന്നാകുമെന്ന് കരുതാനേ പറ്റില്ല.

ആത്യന്തികമായി, അഴിമതിയുടെ സ്വതന്ത്ര വ്യാപാരം അവസാനിക്കണം. ജോസഫ് പുലിറ്റ്സർ പറഞ്ഞത് ശരിയാണ്; "രഹസ്യത്തിൻറെ അകമ്പടിയില്ലാതെ നിലനിൽക്കുന്ന ഒരു കുറ്റകൃത്യമോ, ഒരു കാപട്യമോ, ഒരു തന്ത്രമോ, ഒരു മോഷണമോ, ഒരു തിന്മയോ ഇല്ല. അവയെ പുറത്തേയ്ക്ക് കൊണ്ടു വരികയും, വിവരിക്കുകയും, ആക്രമിക്കുകയും, പത്രങ്ങളിലൂടെ അവയെ കളിയാക്കുകയും ചെയ്താൽ ഇന്നല്ലെങ്കിൽ നാളെ, പൊതുജനാഭിപ്രായം അവയെ തുടച്ചു നീക്കുക തന്നെ ചെയ്യും." സമൂഹം വീണ്ടും ഉണർന്നെണീക്കണം. ബദലുകളെ അന്വേഷിക്കാനുള്ള ശക്തി അത് വീണ്ടെടുക്കണം.

"പക്ഷേ, എങ്ങനെ? ആരാണ് രക്ഷപ്പെടുത്തുക?" തങ്ങളുടെ പിന്നാമ്പുറത്ത് കിടക്കുന്ന ശക്തമായ ബദൽ സാധ്യതയെ കാണാതെ പലരും ഉത്തരത്തിനു വേണ്ടി ഇരുട്ടിൽ തപ്പുകയാണ്. പെട്ടെന്ന് തന്നെ ഉത്തരവാദിത്തത്തിൻറെ ലോകത്തിലേക്ക് കടക്കാനിരിക്കുന്ന, കളങ്കമേശിയിട്ടില്ലാത്ത കൌമാര, യൌവ്വന സമ്പത്തിനെ നാം സത്യത്തിൽ മറന്നുപോയി. മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, യാഥാർത്ഥ്യത്തെ കുറിച്ചുള്ള തെളിഞ്ഞ ധാരണയോടെ, പുലിറ്റ്സറിൻറെ വാക്കുകളെ തങ്ങളുടെ ദർശനത്തിൻറെ ആധാരശിലയായി സ്വീകരിച്ചു കൊണ്ട് അവർക്ക് കളിയുടെ ഗതി മാറ്റാൻ കഴിയുമെന്ന് നാമൊരിക്കലും തിരിച്ചറി ഞ്ഞിട്ടില്ല.

ഈ പുസ്തകത്തിൻറെ ഉദ്ദേശ്യം എല്ലാ സത്യസന്ധരായ പൌരന്മാരേയും ഈ കുട്ടികളെക്കുറിച്ച് ഓർമ്മിപ്പിക്കുക എന്നതാണ്. രാജ്യത്തിൻറെ വിവിധഭാഗങ്ങളിൽ നടക്കുന്ന, സർവ്വവ്യാപിയായ മൂല്യച്യുതിയുടെ പ്രതീകങ്ങളായ, സത്യസന്ധമല്ലാത്ത നിരവധി സംഭവങ്ങളെ കുറിച്ചുള്ള വിവരണങ്ങൾ കഥയിൽ ഇടയ്ക്കിടെ ചേർത്തുകൊണ്ട്, കുട്ടികളെ ബോധവൽക്കരിക്കാനും, ഭാവിയ്ക്കു വേണ്ടി സമരത്തിനിറങ്ങാൻ അവരെ പ്രേരിപ്പിക്കാനും ശ്രമിച്ചിട്ടുണ്ട്. അത്തരം കഥകളൊക്കെ ഒറ്റ നോട്ടത്തിൽ മ്ലാനമാണ്. പക്ഷേ,

അവരെ ധീരരും, ഉത്തരവാദിത്തമുള്ളവരും, മൂല്യബോധമുള്ള വരുമാക്കി മാറ്റുകയും, പിൽക്കാലത്ത് അപ്പോഴത്തെ ചെറിയ തലമുറയ്ക്ക് ശരിയായ മാർഗ്ഗനിർദ്ദേശം നൽകാനും, കപടതയുടെ വഴിക്ക് സഞ്ചരിക്കുന്ന മുതിർന്ന തലമുറയെ എതിരിട്ട് അവരെ നവീകരിക്കാനും അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യവും, ശ്രമവുമാണ് അതിനു പിന്നിലുള്ളത്. അഴിമതിക്കാരെ പരിഹസിക്കണമെന്നും, പന്നികൾ മനുഷ്യവിസർജ്ജ്യം ആസ്വദി ക്കുന്നതു പോലെ നിയമവിരുദ്ധമായ സമ്പത്ത് ആസ്വദിക്കുന്ന അവരുടെ കുട്ടികളെ പുച്ഛിക്കണമെന്നും അവരെ ബോധ്യപ്പെടുത്തു കയെന്നതും ഈ പുസ്തകത്തിൻറെ ലക്ഷ്യമാണ്. ഇത് അവരെ ഹിരണ്യകശ്യപുമാരെ നയിക്കുന്ന പ്രഹ്ളാദന്മാരായും, അധികാരത്തിലിരിക്കുന്ന അത്യാർത്തിക്കാരായ ബകാസുരന്മാരോട് യുദ്ധം ചെയ്യുന്ന ഭീമന്മാരായും മാറാൻ പ്രേരിപ്പിക്കാൻ കൂടെയാണ്. ഭോപ്പാലിൽ നിന്ന് അവധിക്കാലം ചെലവഴിക്കാൻ ഡെൽഹി യിലെത്തുന്ന സഹോദരന്മാരായ രവിയേയും, പ്രദീപിനേയും അവർ നേരിട്ടു കണ്ട കാര്യങ്ങളും, അവരുടെ അമ്മാവനായ ശേഖറിൽ നിന്ന് കേട്ട കാര്യങ്ങളും സ്വാധീനിക്കുന്നത് വിവരിക്കുന്ന ഈ കഥ, തീർച്ചയായും, കുറച്ച് യുവാക്കളെയെങ്കിലും വ്യവസ്ഥയെ മാറ്റിമറി ക്കുന്നവരാക്കുമെന്നും, ആടിക്കളിക്കുന്ന ചിലരെയെങ്കിലും സത്യസന്ധതയിൽ ഉറച്ചു നിൽക്കാൻ പ്രേരിപ്പിക്കുമെന്നും, ചുരുങ്ങിയ പക്ഷം, കുറച്ച് അഴിമതിക്കാരുടേയെങ്കിലും മന:സാക്ഷിയെ നോവിക്കുമെന്നും പ്രതീക്ഷിക്കുന്നു.

ഇനി, ഒടുവിൽ ഒരു പ്രധാന ചോദ്യം; അഴിമതിക്കാരെ എന്തുകൊണ്ട് ബകാസുരരാക്ഷസൻ എന്ന് വിളിക്കണം? ഈ കഥ അതിനുത്തരം തരുന്നതിനു പുറമേ, അത് അഴിമതിക്കാരുടെ ഒരു ബ്രാൻഡ് പേരാക്കി ഉറപ്പിക്കാൻ വായനക്കാരെ പ്രേരിപ്പിക്കുകയും ചെയ്യും. അത് ഉറപ്പാണ്.

*******

# ദിവസം ഒന്ന്

ഡെൽഹിയിലുള്ള സഹോദരൻറെ വീട്ടിൽ ഒരാഴ്ചത്തെ അവധി ആഘോഷിക്കുന്നതിനായി മക്കളോടൊത്ത് എത്തിയതായിരുന്നു സുമൻ.

അത്താഴം കഴിഞ്ഞ് അവരെല്ലാവരും സ്വീകരണമുറിയിൽ ഒത്തു ചേർന്നു. സുമൻ റിമോട്ടെടുത്ത് ടെലിവിഷനിൽ അപ്പോൾ അവർ കണ്ടു കൊണ്ടിരുന്ന മഹാഭാരതത്തിലെ രംഗങ്ങൾ കാണിക്കുന്ന ചാനൽ മാറ്റി. പെട്ടെന്ന് പ്രദീപ് അമ്മയോട് പറഞ്ഞു "അത് മാറ്റല്ലേ അമ്മേ, ഇത് നല്ല രസമുണ്ട്. നമുക്കിത് കാണാം."

അങ്ങനെ അവരെല്ലാവരും ആ കാഴ്ചയിൽ മുഴുകി. കൌരവർ, അവരുടെ ഭ്രാതാക്കളായ പാണ്ഡവർക്കായി നിർമ്മിച്ച മനോഹരമായ അരക്കില്ലം. പാണ്ഡവരുടെ അഭ്യുദയ കാംക്ഷിയായ വിദുരർ എന്ന ജ്ഞാനി, ആ ഗൃഹം അഗ്നിക്കിരയാക്കാനുള്ള കൌരവരുടെ പൈശാചിക പദ്ധതികളെക്കുറിച്ച് സൂചനകൾ കൊടുക്കുന്നു, ഒപ്പം രക്ഷപ്പെടാനുള്ള തുരങ്കം നിർമ്മിക്കുന്നതിന് രഹസ്യമായി സഹായിക്കുകയും ചെയ്യുന്നു. പാണ്ഡവർ ആ വീട്ടിൽ താമസിക്കുന്നതും ഓരോ രാത്രിയും ഊഴം വച്ച് കാവലിരിക്കുന്നതുമായി കഥ തുടരുന്നു. ഒരു രാത്രി ആ ഭവനം അഗ്നിക്കിരയായപ്പോൾ അവരെല്ലാവരും രഹസ്യ തുരങ്കത്തിലൂടെ രക്ഷപ്പെടുന്നു. ഭീമൻ അമ്മയെ തോളിലെടുത്താണ് രക്ഷപ്പെടുത്തിയത്.

കുടുംബാംഗങ്ങളെല്ലാവരും തന്നെ ടെലിവിഷൻ ദൃശ്യത്തിൽ പൂർണമായും ആമഗ്നരായി ഇരുന്നു. തുരങ്കത്തിലൂടെയുള്ള യാത്ര അവസാനിച്ചത് ഒരു ഗ്രാമത്തിലായിരുന്നു. അവിടെ അവർക്കുള്ള പുതിയ വസ്ത്രങ്ങളുമായി വിദുരർ കാത്തു നിന്നിരുന്നു. പെട്ടെന്നവർ വസ്ത്രം മാറി ബ്രാഹ്മണവേഷധാരികളായി. ഇനിയവർക്ക് വേഷപ്രച്ഛന്നരായി യാത്ര ചെയ്യാം.

അങ്ങനെ അവർ ഒരു ബ്രാഹ്മണൻറെ വീട്ടിൽ താമസം തുടങ്ങി. എല്ലാ ദിവസവും അന്നന്നത്തേയ്ക്കുള്ളത് ഭിക്ഷ തേടി കൊണ്ടുവന്നു. കൊണ്ടുവന്നതിൽ പാതിയും ഭീമൻ തൻറെ പങ്കായി ഉപയോഗിക്കുകയും ചെയ്തു.

ഒരു ദിവസം അവരുടെ വീട്ടുടമസ്ഥൻ വളരെയേറെ ദുഖിച്ചിരിക്കുന്നതു കണ്ടു. ആ കുടുംബത്തിലെ എല്ലാവരും തന്നെ നിലവിളിയായിരുന്നു. അന്നത്തെ ദിവസം ബകാസുരനു ഭക്ഷണമാകുന്നതിന് ആ വീട്ടിൽ നിന്നായിരുന്നു ഒരാളെ അയയ്ക്കേണ്ടിയിരുന്നത്. മുമ്പൊക്കെ ആ രാക്ഷസൻ സ്വന്തം ഇഷ്ടത്തിന് ഗ്രാമത്തിലിറങ്ങി മനുഷ്യരെ പിടിച്ചു തിന്നുകയാണ് ചെയ്തു കൊണ്ടിരുന്നത്. അയാളുടെ വിശപ്പ് അത്രത്തോളോം ഭീമമായിരുന്നതിനാൽ ഒരു ദിവസം നാലോ അഞ്ചോ മനുഷ്യരെ അയാൾ ഭക്ഷിച്ചിരുന്നു. ഈ ദുർഗതിയ്ക്കൊരു പരിഹാരമായി ഗ്രാമവാസികൾ രാക്ഷസനുമായി ഒരു കരാറിലേർപ്പെട്ടു. ഓരോ ദിവസവും ഗ്രാമത്തിലെ ഒരോ കുടുംബത്തിൽ നിന്നായി ഒരാൾ വീതം, എല്ലാവരും ചേർന്നു നൽകുന്ന ഭക്ഷണം ഒരു കാളവണ്ടിയിലാക്കി കൊണ്ടുപോകണം. രാക്ഷസൻ ആ ഭക്ഷണവും, കാളകളെയും അതുമായി ചെല്ലുന്ന മനുഷ്യനെയും ഭക്ഷിക്കുക. ഇതായിരുന്നു ഉടമ്പടി.

അന്നത്തെ ദിവസം താൻ സ്വയം രാക്ഷസൻറെ അടുത്തേയ്ക്ക് പോകണമോ, തൻറെ ഇളയ മകനെ അയയ്ക്കണമോ എന്നതായിരുന്നു ആ വീട്ടിലെ ഗൃഹനാഥനായ ബ്രാഹ്മണൻ ആലോചിച്ചിരുന്നത്. അതിൽ തീരുമാനമെടുക്കാനാവാതെ അയാൾ ഏറേ നേരം വിഷമിച്ചു. ഒടുവിൽ സ്വയം പോകാൻ അയാൾ തീരുമാനമെടുത്തു. ഇളയ മകൻ വീട്ടുകാര്യങ്ങൾ നോക്കാൻ പ്രാപ്തനാണെന്ന ചിന്തയിലാണയാൾ അങ്ങനെ ഉറപ്പിച്ചത്.

വിചിത്രമായ ഈ ഉടമ്പടിയെപ്പറ്റി കേട്ട പാണ്ഡവർ അമ്പരന്നു പോയി. രാക്ഷസൻറെ ആ ദിവസത്തെ ഭക്ഷണത്തിൻറെ കാര്യം

തങ്ങൾ ഏൽക്കുകയാണ് എന്നവർ ബ്രാഹ്മണനോടു പറഞ്ഞു. ആദ്യമയാൾ വിസമ്മതിച്ചു. തൻറെ അതിഥികൾക്ക് കഷ്ടപ്പാടുണ്ടാക്കണമെന്ന് അയാൾ ആഗ്രഹിച്ചില്ല. പക്ഷേ പാണ്ഡവരുടെ നിർബന്ധപ്രകാരം അവസാനം അയാളതിനു സമ്മതിച്ചു.

ഭീമനെയാണ് ഭക്ഷണവുമായി അയച്ചത്. കാട്ടിലേയ്ക്കുള്ള യാത്രാമദ്ധ്യേ അയാൾ രാക്ഷസനു വേണ്ടി നൽകിയിരുന്ന ആഹാരമത്രയും കഴിച്ചു തീർത്തു.

കാളവണ്ടിയിൽ ആഹാരമില്ലെന്നു കണ്ട ബകാസുരൻ കോപാകുലനായി. വിശക്കുന്ന രാക്ഷസൻ ഭീമനു നേരെ ചാടി വീണു. അവർ തമ്മിൽ അതിഘോരമായ യുദ്ധം നടന്നു. അതിൻറെ അവസാനം ബകാസുരൻ കൊല്ലപ്പെട്ടുകയും അയാളെക്കൊണ്ടുള്ള ഗ്രാമവാസികളുടെ ദുരിതം അവസാനിക്കുകയും ചെയ്തു.

കഥയത്രയുമായപ്പോൾ തന്നെ നേരം വളരെ വൈകിയിരുന്നു. അന്നത്തെ യാത്ര മൂലമുള്ള തളർച്ചയും കൂടിയായപ്പോൾ അതിൻറെ ബാക്കി ഭാഗം പിന്നീടു കാണാമെന്ന് അവർ തീരുമാനിച്ചു.

*******

അന്നത്തെ സായന്തനം: സന്ധ്യ ഇരുളിലേയ്ക്ക് കനത്തിട്ട് ഏതാണ്ട് ഒരുമണിക്കൂറായിരുന്നു. ഫരീദാബാദ് സ്റ്റേഷൻ കൂടി കഴിഞ്ഞ സ്ഥിതിയ്ക്ക്, ഇനി കഷ്ടിച്ച് ഒരു മണിക്കൂർ മാത്രമെ ഡെൽഹിയിലെത്താൻ ആവശ്യമുള്ളു. യാത്രക്കാർ അവരവരുടെ സാധനങ്ങൾ തിരക്കിട്ടു ഒതുക്കിവയ്ക്കുന്നതു കണ്ടപ്പോൾ ആ സഹോദരൻമാരുടെ– രവിയും പ്രദീപും– ആവേശം അങ്ങേയറ്റമായി. ആദ്യത്തെ ഡെൽഹി സന്ദർശന മായിരുന്നതിനാൽ അവർ ജാലകങ്ങൾ വഴി പുറം കാഴ്ചകൾ നോക്കിക്കൊണ്ടേയിരുന്നു. പുറത്ത് മഞ്ഞ വെളിച്ചങ്ങളുടെ ഒരു

ഘോഷയാത്ര, ആകാശത്ത് മങ്ങിയ ഇരുളിൻറെ വഴിത്താര. അവരതിൽ കണ്ണു നട്ടിരുന്നു.

യാത്രയുടെ കാര്യം തീരുമാനമായപ്പോൾ തന്നെ അവരിൽ ഉണർന്ന ആവേശം, ഭോപ്പാലിൽ നിന്നും ട്രെയിനിൽ കയറിയ നേരത്ത് ശക്തമായി അലയടിച്ചു തുടങ്ങിയതാണ്. മഹാനഗരത്തെപ്പറ്റി അവർ വാതോരാതെ സംസാരിച്ചു കൊണ്ടിരുന്നു. അവർ സന്ദർശിക്കാൻ പോകുന്ന മാളുകൾ, ചരിത്ര സ്മാരകങ്ങൾ അങ്ങനെ അനവധി കാര്യങ്ങൾ. അവരുടെ അമ്മാവൻറെ സമർത്ഥനായ മകനെക്കുറിച്ചും അവർ സംസാരിച്ചു. അഭി, അവൻ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ പ്രവേശനം നേടിയിരിക്കുന്നു. അവരെല്ലാം ഏകദേശം ഒരേ പ്രായക്കാരാണ്. അവർക്ക് അമ്മാവനെപ്പറ്റിയും ഏറെ പറയാനുണ്ടായിരുന്നു. അഴിമതിയ്ക്കെതിരായ പോരാട്ടത്തിൽ പല നവീന ആശയങ്ങളും രൂപപ്പെടുത്തിയ മാതൃകാ പുരുഷൻ. ശേഖർ എന്ന അദ്ദേഹം അവരുടെ ഉത്തമ നായകനാണ്. അവരുടെ ആക്ഷൻ ഹീറോ. അവരദ്ദേഹത്തെ വാനോളം ഉയർത്തി സംസാരിക്കുന്നതു കേട്ടപ്പോൾ സുമൻ ഇടപെട്ടു. "മക്കളേ, അമ്മായിയെ എങ്ങനെയാണ് മറക്കാൻ പറ്റുന്നത്? സൌന്ദര്യമുള്ള മുഖം മാത്രമല്ല സൌന്ദര്യമുള്ള മനസ്സുമുള്ളവളാണ് രേഖ. അഭിയും രേഖയും ശക്തമായി പിന്തുണയ്ക്കാനില്ലായിരുന്നെങ്കിൽ നിങ്ങളുടെ അമ്മാവന് ഈ വിജയം സാധ്യമാകുമായിരുന്നോ?" അവർക്ക് അതു ബോധ്യമായി.

ചുറ്റും നോക്കിയും ഇടയ്ക്കിടെ എതിർ സീറ്റിലിരുന്ന് ഉറങ്ങുന്ന അമ്മയെ നോക്കിയും അക്ഷമരായി അവർ കാത്തിരുന്നു.

ഒടുവിൽ, ട്രെയിൻ ന്യൂഡെൽഹി റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ അവർ വാതിലിലേയ്ക്ക് പാഞ്ഞു. പ്ലാറ്റ്ഫോമിൽ കനത്ത തിരക്കുണ്ടായിരുന്നു, ബന്ധുക്കളെയും സുഹൃത്തുക്കളെയും അന്വേഷിച്ച് അങ്ങോട്ടുമിങ്ങോട്ടും തിക്കിത്തിരക്കി നടക്കുന്നവർ. കൂടെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ട് പത്രം, ചായ,

മധുരപലഹാരങ്ങൾ എന്നിവയുടെ വിൽപ്പനക്കാരും. ഉച്ചഭാഷിണികളിലെ അറിയിപ്പിനായി ആളുകൾ കാതു കൂർപ്പിച്ചു. പോർട്ടർമാർ കനമേറിയ ചുമടുകളുമായി "വഴി മാറു, വഴി..." എന്നലറിക്കൊണ്ട് അശ്രദ്ധമായി ആളുകളെ വകഞ്ഞു മാറ്റി മുമ്പോട്ടു പോകുന്നു. ആകെ ശബ്ദകോലാഹലങ്ങൾ.

ആളുകൾക്കിടയിലൂടെ അവർ അമ്മാവനെയും, അഭിയെയും തെരയുകയായിരുന്നു. പെട്ടെന്ന് അവർ കണ്ടു, അമ്മാവൻ തിരക്കിനിടയിലൂടെ ട്രെയിൻ കോച്ചിനടുത്തേയ്ക്ക് നടന്നു വരുന്നു, പിന്നാലെ തിരക്കിൽ പെട്ടുഴലുന്ന അഭി. സുമനും അവരെ ജാലകത്തിലൂടെ കണ്ടു. "മാമാ, ശേഖർ മാമാ, അഭീ, അഭീ.." അവർ ഉച്ചത്തിൽ വിളിച്ചു കൂവിക്കൊണ്ട് കൈ വീശി. ശേഖർ അവരെ കണ്ടു. കൈ വീശിക്കൊണ്ട് അദ്ദേഹം വാതിലിനടുത്തേയ്ക്ക് ഓടി വന്നു. അതേ സമയത്തു തന്നെ അഭിയും അവരെ കണ്ടുപിടിച്ചു.

നൂറുകണക്കിനു ചുമട്ടുകാർ ട്രെയിനിനകത്തേയ്ക്കു കടക്കാനും, യാത്രക്കാർ മാളത്തിൽ നിന്ന് എലികളെന്ന പോലെ പുറത്തേയ്ക്ക് കടക്കാനും തിരക്കിട്ടുന്നതിനിടെ അവർ ഒരു വിധത്തിൽ ട്രെയിനിൽ നിന്നിറങ്ങി. താടി വടിയ്ക്കാത്ത, ചുവപ്പു ഷർട്ടിട്ട ഒരു അംഗീകൃത ചുമട്ടുകാരൻ അവരുടെ ബാഗുകളെടുത്ത് കൊണ്ട്, അവരെ തിരക്കിലൂടെ പുറത്തേയ്ക്ക് നയിച്ചു. മറ്റു കൂലിക്കാരെയും ആളുകളെയും വകഞ്ഞു മാറ്റി അവരെ ശേഖറും അഭിയും സഹായിച്ചു.

അവർ പരസ്പരം അഭിവാദനം ചെയ്തു. കുട്ടികൾ മുതിർന്നവരുടെ കാലു തൊട്ടു വന്ദിച്ച് അവരുടെ ബഹുമാനമറിയിച്ചു.

"കുട്ടികളേ ഡൽഹിയിലേയ്ക്ക് സ്വാഗതം, "ശേഖർ അവരോട് വാത്സല്യത്തോടെ പറഞ്ഞു.

"വളരെ നന്ദി മാമാ, മാമൻറെ അടുത്ത് ഞങ്ങളുടെ അവധിക്കാലം വളരെ ഗംഭീരമായിരിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്", വിടർന്ന

ചിരിയോടെ അവർ ഒരേ സ്വരത്തിൽ പറഞ്ഞു. അപ്പോൾ സുമൻ തിളങ്ങുന്ന കണ്ണുകളോടെ അവരെ നോക്കി നിൽക്കുകയായിരുന്നു.

"നിർഭാഗ്യവശാൽ നിങ്ങളുടെ അച്ഛന് അവസാന നിമിഷം ടിക്കറ്റ് ക്യാൻസൽ ചെയ്യേണ്ടി വന്നു. അദ്ദേഹത്തിന് വളരെ അടിയന്തിരമായ ചില ഔദ്യോഗിക ആവശ്യങ്ങളുണ്ടെന്നാണ് എന്നോട് പറഞ്ഞത്. അല്ലായിരുന്നുവെങ്കിൽ എത്രയധികം നന്നായേനെ. അദ്ദേഹം നല്ലൊരു എൻറർടെയിനർ ആണ്, അല്ലെ? സത്യത്തിൽ എനിക്കദ്ദേഹത്തിൻറെ അഭാവം അനുഭവപ്പെട്ടുമെന്നുറപ്പാണ്." കുട്ടികൾ അതു സമ്മതിച്ചു. "നിൻറെ മുടി നരച്ചു തുടങ്ങിയിരിക്കുന്നു", സഹോദരനെ സൂക്ഷ്മമായി നിരീക്ഷിച്ച് സുമൻ അഭിപ്രായപ്പെട്ടു. "പിന്നല്ലാതെ? എന്താ കരുതിയത്? എനിക്കിപ്പോൾ തന്നെ നാൽപത്തിയഞ്ചു വയസ്സായിരിക്കുന്നു, അതുമല്ല വെള്ളത്തിലും വായുവിലുമെല്ലാം എന്തെല്ലാം മാലിന്യങ്ങളാണ്." സഹോദരിയുടെ കൈ പിടിച്ചു കൊണ്ട് ശേഖർ ചിരിച്ചു.

സംസാരിച്ചും, ചിരിച്ചും, ഉല്ലസിച്ചും, ട്രോളി ബാഗുകൾ വലിച്ചു കൊണ്ട് കുട്ടികൾ ആ തിരക്കിലൂടെ നടന്നു. അൽപം മുമ്പിലായി ശേഖറും സുമനും. കുറച്ചു ദൂരം നടന്ന്, അവർ കാറിനടുത്തെത്തി ബാഗുകൾ അതിൽ വെച്ചു. കാർ സിവിൽലൈൻസിലെ അവരുടെ വീടിൻറെ ദിശയിലേയ്ക്ക് പുറപ്പെട്ടു.

യാത്രാമധ്യേ തന്നെ കുട്ടികൾ അന്വേഷണങ്ങളാരംഭിച്ചു. "അമ്മാവാ, അടുത്തകാലത്തെങ്ങാനും ഏതെങ്കിലും വമ്പൻ സ്രാവിനെ കുടുക്കിയിരുന്നോ? കൈക്കൂലി വാങ്ങുന്ന ഏതെങ്കിലും സംഘത്തെ പിടികൂടിയിരുന്നോ? ജിജ്ഞാസുവും, മിടുക്കനുമായ രവി എഞ്ചിനീയറിംഗ് ഒന്നാം വർഷം പിന്നിട്ട ഒരു പതിനെട്ടുകാരനായിരുന്നു. കണ്ണടക്കാരനായ പ്രദീപ് ഒരു വർഷം ഇളയതായിരുന്നു. പന്ത്രണ്ടാം ക്ലാസ്സ് കഴിഞ്ഞ അവനും എഞ്ചിനീയറിംഗ് പഠനത്തിനു തയ്യാറെടുക്കുകയായിരുന്നു.

Page No.9 (book)

"നോക്കൂ, അമ്മാവനെ ശല്യപ്പെടുത്താതിരിക്കൂ, ഡ്രൈവ് ചെയ്യുകയല്ലേ? അതുമല്ല നിങ്ങളിവിടെ ഒരാഴ്ചയുണ്ട്. വേണ്ടതെല്ലാം ചോദിച്ചറിയാൻ ഇഷ്ടം പോലെ സമയം കിട്ടും. പിന്നെന്തിനാണ് ഇപ്പോൾ ബുദ്ധിമുട്ടിക്കുന്നത് ? സുമൻ മക്കളെ വഴക്കു പറയുന്നതു കേട്ട് ശേഖറിൻറെ അരികിലിരുന്ന അഭി അടക്കിച്ചിരിച്ചു. "ഒരുപാടു കഥകൾ പറയാനുണ്ട്, ഞാനതെല്ലാം നിങ്ങളോടു പറയാം." ശേഖർ ഉറപ്പുകൊടുത്തു.

വീട്ടിൽ, രേഖ അതിഥികൾക്കായി എല്ലാ സൌകര്യങ്ങളും ഒരുക്കിയിരുന്നു. അഭിയുടെ വലിയ കിടക്ക ആൺകുട്ടികൾ രണ്ടു പേരും പങ്കിട്ടു കൊള്ളും. സുമനു അതിഥിമുറിയിൽ തങ്ങാം. എല്ലാം ഒരുക്കിക്കഴിഞ്ഞ്, രേഖ അതിഥികളെ കാത്തിരുന്നു. അടുത്തായി അവരുടെ വളർത്തു നായ്ക്കൾ ബുജ്ജി, ഫ്രൂട്ടി, ബബ്ലു എന്നിവരും. അവർ കാർപ്പറ്റിൽ കിടന്ന് ശാന്തമായി ഉറങ്ങുകയായിരുന്നു.

കാറിൻറെ ശബ്ദം കേട്ടപ്പോൾ തന്നെ മൂന്നു വളർത്തു നായ്ക്കളും ചാടിയെഴുന്നേറ്റു. ആവേശത്തോടെ തുള്ളിച്ചാടി അവർ പുറത്തേയ്ക്ക് ചെന്ന് വിരുന്നുകാരെ എതിരേറ്റു. രേഖ അവരെ സ്വാഗതം ചെയ്തു. ശേഖർ നായ്ക്കളെ തലോടി ശാന്തരാക്കി. അഭി പെട്ടികൾ യഥാസ്ഥാനങ്ങളിൽ കൊണ്ടു ചെന്നു വെയ്ക്കാൻ പോയി. അധികം വൈകാതെ തന്നെ അവരെല്ലാവരും മുഖവും, കൈകാലുകളും കഴുകി യാത്രാക്ഷീണം തീർത്ത് മടങ്ങിയെത്തി.

ഏറെനാൾ കൂടിയുള്ള കുടുംബസംഗമം ആഘോഷിക്കുകയായിരുന്നു മുതിർന്നവർ. ഇടതടവില്ലാതെ ആഹ്ലാദത്തിൻറെ വാക്കുകൾ ഒഴുകി വീണു.

അതിനിടെ അഭി തൻറെ സഹോദരൻമാരെ വീടു ചുറ്റി നടന്നു കാണിച്ചു കൊടുത്തു. വീട്ടകങ്ങളെ അലങ്കരിച്ചിരുന്ന അനന്യമായ കൌതുകവസ്തുക്കൾ. പലതും അഭിയുടെ അച്ഛൻ ജോലി ചെയ്ത സ്ഥലങ്ങളിൽ നിന്നും ശേഖരിച്ചവ. ചിലതെല്ലാം അദ്ദേഹം തന്നെ

Page No.11 (book)

നിർമ്മിച്ചവ. കുട്ടികൾ അവയെല്ലാം കണ്ടാസ്വദിച്ചു, ഒപ്പം മണിപ്ലാൻറുകൾ പോലെയുള്ള അലങ്കാരച്ചെടികളും.

യൂണിഫോം ധരിച്ച അമ്മാവൻറെ ഫോട്ടൊ കുട്ടികളെ ആകർഷിച്ചു. അതു കാണാൻ അവർ അമ്മയെയും വിളിച്ചു കൊണ്ടുവന്നു. "മാമൻ യൂണിഫോമിൽ വളരെ ഗഭീരനായിരിക്കുന്നു." അവർ പറഞ്ഞു. "അതു കുറെ മുമ്പെടുത്ത ഫോട്ടോയാണ്." ശേഖർ പ്രതികരിച്ചു. "അന്നൊക്കെ എപ്പോഴും യൂണിഫോം ധരിച്ചായിരുന്നു നടക്കുന്നത്. ഒരു തമാശ സംഭവിച്ചത് ഓർക്കുന്നു. ഞങ്ങളുടെ ബോസുമായി സംസാരിക്കുമ്പോൾ സാധാരണ തൊപ്പിയൂരി അദ്ദേഹത്തിൻറെ മേശയിൽ വയ്ക്കുമായിരുന്നു, ഒരു ദിവസം സംസാരിച്ചു കഴിഞ്ഞ്, മേശപ്പുറത്തു നിന്ന് ഞാനൊരു തൊപ്പിയെടുത്തു തലയിൽ വെച്ച് എഴുന്നേറ്റ് അദ്ദേഹത്തെ സല്യൂട്ട് ചെയ്തു. അദ്ദേഹവും ഒപ്പം എൻറെയൊരു സഹപ്രവർത്തകനും എന്നെ നോക്കി ചിരിക്കുന്നതു കണ്ട്, എന്താണെന്ന ന്വേഷിച്ചപ്പോഴാണ് ഞാൻ തലയിൽ വച്ചത് എൻറെ സഹപ്രവർത്തകൻറെ തൊപ്പിയാണെന്നു മനസ്സിലായത്. അതും ഞാൻ സാധാരണ വേഷത്തിലായിരുന്നപ്പോൾ.

ചിരിച്ചു കൊണ്ട് അവർ നടന്നു, നായ്ക്കൾ കാവൽക്കാരെ പോലെ അവരെ അനുഗമിച്ചു. രവി നായ്ക്കളിൽ നിന്നും അകന്നു നിൽക്കുന്നതു അഭി ശ്രദ്ധിച്ചു, എന്നാൽ പ്രദീപ് അവയോടടുത്തു. അഭി നായ്ക്കളെ ഓരോരുത്തരെയായി അവർക്കു പരിചയപ്പെടുത്തി.

ഇതാണു ബുജ്ജി. ഞങ്ങളുടെ മിടുക്കി, നല്ല പെരുമാറ്റമാണ്, സ്നേഹവുമുണ്ട്. പക്ഷേ നല്ല ഭാരമായതുകൊണ്ട് അവളുടെ സ്നേഹപ്രകടനങ്ങൾ താങ്ങുന്നത് എളുപ്പമല്ല. ഇതുനോക്കു, നമ്മുടെ സ്പിറ്റ്സ് നായ. ഫ്ലൂട്ടി. അവൾക്ക് പെൻഗ്വിനെപ്പോലെ മണിക്കൂറുകളോളം ഇരിക്കാൻ കഴിയും, അതുമല്ല നല്ലൊരമ്മയാണിവൾ, രാവിലെ ആദ്യം ചെയ്യുന്നത് ബബ്ലുവിൻറെ കണ്ണുകളും, ചെവിയും നക്കി വൃത്തിയാക്കുകയാണ്. ഇതാണവളുടെ സുന്ദരൻ മകൻ, ബബ്ലു, ഇവൻറെ കുസൃതികാരണം ബുജ്ജിയും

കുസൃതിക്കാരിയാകുന്നുണ്ട്. ഇവരെല്ലാവരും ചേർന്നു കളി തുടങ്ങിയാൽ നിർത്തില്ല, പൂമുഖം ആകെ അലങ്കോലമാക്കും, ഒടുവിൽ അമ്മ വന്ന് വഴക്കു പറയുന്നതുവരെ അതു തുടരും. ബുജ്ജി ഉറങ്ങാനായി സോഫയ്ക്കു കീഴെ മുഖമൊളിപ്പിക്കും. എന്നാലും വീട്ടിനുള്ളിലെ ഏതൊരു ശബ്ദവും കേൾക്കുകയും ചെയ്യും.

ഫ്ലൂട്ടി ഒരു പെൻഗ്വിനെപ്പോലെ ഇരിക്കുന്നതു കണ്ട് പ്രദീപ് ഒരു കടംകഥ എടുത്തിട്ടു, "ബ്ലാക്ക് ആൻഡ് വൈറ്റ്, ബ്ലാക്ക് ആൻഡ് വൈറ്റ് ആയി ഉരുളുന്നതെന്താണ്? ഫ്ലൂട്ടിയെ ശ്രദ്ധിച്ചു കൊണ്ടിരുന്ന അഭിയ്ക്ക് കാര്യം പിടികിട്ടി. കുന്നിൻ മുകളിൽ നിന്ന് ഉരുളുന്ന പെൻഗ്വിൻ", അവൻ പറഞ്ഞു. "അഭി, വളരെ മിടുക്കനാണ്" പ്രദീപ് അഭിപ്രായപ്പെട്ടു.

അതിനു ശേഷം അഭി അവരുടെ പൂന്തോട്ടം കാണിച്ചു കൊടുത്തു. നടുവിൽ നിന്നിരുന്ന റോസാച്ചെടികളും, മറ്റു പൂച്ചെടികളും, മൂലയിൽ നിന്ന ഞാവലുമെല്ലാം. തുള്ളിച്ചാടുന്ന ബബ്ലുവിനെ അഭി വഴക്കു പറഞ്ഞു, "നീയൽപ്പം കൂടുന്നുണ്ടിന്ന്. നിർത്തു" എന്നിട്ടവൻ സഹോദരൻമാരോടു പറഞ്ഞു. "അറിയാമോ, ഇവൻ കളിയ്ക്കാൻ മാത്രമല്ല കാര്യങ്ങൾ കണ്ടുപിടിക്കാനും മിടുക്കനാണ്. ഒരിക്കലവൻ കണ്ണാടിയിൽ സ്വന്തം ഛായ കണ്ട് പകച്ചുപോയി. മുമ്പോട്ടും, പിറകോട്ടും നീങ്ങി നിന്ന് അവനതു പരിശോധിച്ചു. വശത്തേയ്ക്ക് മാറുകയും തിരിച്ചു വീണ്ടും മുമ്പിലെത്തി നോക്കുകയും ചെയ്തു. ഒടുവിൽ കണ്ണാടിയുമായി ഒളിച്ചു കളിയിലേർപ്പെട്ടു. ഫ്ലൂട്ടി വന്ന് അവൻറെ ചെവിയിൽ നക്കി. അവളെയും കണ്ണാടിയിൽ കണ്ടു. ബബ്ലുവാണെങ്കിൽ കണ്ണാടിയുടെ രഹസ്യം പിടികിട്ടിയതുപോലെ അവിടെ ഗൌരവത്തിൽ നിന്നു."

"ഓഹോ. ഏതായാലും നിങ്ങളുടെ ഞാവൽ മരത്തിനും, നായകൾക്കും എന്താണു പൊതുവായുള്ളതെന്നു പറയൂ?" പ്രദീപ് ചോദിച്ചു. "ബാർക്ക്" പെട്ടെന്നു തന്നെ അഭി ഉത്തരം കൊടുത്തു. നായയ്ക്ക് കുരയും, ഞാവലിന് തൊലിയും. "അതുതന്നെ". അപ്പോഴേയ്ക്കും രേഖ അവരെ ആഹാരം കഴിക്കാൻ വിളിച്ചു.

Page No.14 (book)

"ഭക്ഷണം തണുത്തുപോകും, അവര് സമ്മതിച്ചാൽ നീ പറഞ്ഞു കൊണ്ടേയിരിക്കും, വേഗം വാ, വന്ന് ഭക്ഷണം കഴിയ്ക്ക്."

സംസാരിച്ചു കൊണ്ട് അവർ ഭക്ഷണം കഴിച്ചു. ഒടുവിൽ ശേഖർ ചോദിച്ചു. "അഭീ, നാളത്തേയ്ക്ക് എന്താണു പരിപാടിയിട്ടിരിക്കുന്നത് ?" അഭി എന്തെങ്കിലും പറയുന്നതിനു മുമ്പ് സുമൻ ഇടയ്ക്കു കയറി "എന്തൊക്കെയായാലും എനിക്കാദ്യം യമുനാമാതായെ (യമുനാ നദി) കാണണം." "പ്രഭാത ഭക്ഷണം കഴിഞ്ഞാലുടൻ നമുക്ക് വാസിറാബാദ് പാലത്തിലേയ്ക്ക് പോകാം, അവിടെ നിന്ന് യമുനാനദി കാണാം, അമ്മായീ. പക്ഷേ അതിനു മുമ്പ് നമുക്കൊന്നു നടക്കാൻ പോകണം", മറ്റുള്ളവർ അതു ശരിവച്ചു.

എന്തെങ്കിലും നല്ല പുരാണ സിനിമകളുണ്ടോയെന്ന് സുമൻ നാത്തൂനോട് ചോദിച്ചു, മഹാഭാരതം കാണാമെന്ന് രേഖ മറുപടി പറഞ്ഞു.

*******

സിനിമയുടെ ബാക്കി പിന്നീട് കാണാമെന്നു തീരുമാനിച്ച് എല്ലാവരും കിടക്കാൻ പോയി. നല്ല ഉറക്കം വരുന്നുണ്ടായിരുന്നിട്ടും ആൺകുട്ടികൾ ദില്ലിയിലെയും, ഭോപ്പാലിലെയും പല വിശേഷങ്ങളും കിടക്കയിൽ കിടന്നു തന്നെ പറഞ്ഞു. സുഹൃത്തുക്കളെപ്പറ്റിയും കോളജിനെപ്പറ്റിയും അവർ സംസാരിച്ചു.

രവി അവരുടെ കോളജിലെ സാംസ്കാരിക ഉത്സവത്തെപ്പറ്റിയാണു പറഞ്ഞത്. കൾച്ചറൽ ഫെസ്റ്റ് കോളജിലെ വലിയൊരു ആഘോഷമായി മാറിയിരുന്നു. ചെലവാകാതെ അവശേഷിച്ച ഫണ്ട് വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമായ പൊതുകാര്യങ്ങൾക്കു പയോഗിക്കണമെന്ന് താൻ ശക്തമായി ശുപാർശ ചെയ്തിട്ടും സംഘാടകസംഘം അതിൽ താൽപര്യം കാണിക്കാതിരു ന്നതിനെപ്പറ്റി പ്രദീപ് പറഞ്ഞു. ഒടുവിൽ അവർ ആ തുക കൊണ്ട് പാർട്ടികളും മറ്റ് ആഡംബരങ്ങളും നടത്തി ആഹ്ലാദിക്കുകയാണു ചെയ്തത്. ഇതുപോലുള്ള സംഭവങ്ങൾ കോളജുകളിൽ സാധാരണ

യായതിനാൽ തനിക്കിതിലതിശയമൊന്നും തോന്നുന്നല്ല എന്നു അഭി അഭിപ്രായപ്പെട്ടു.

"അഭി, നിൻറെ മെഡിക്കൽ കോളജ് പഠനം വളരെ ബുദ്ധിമുട്ടുള്ളതായിരിക്കുമല്ലേ? അധ്യാപകരൊക്കെ വലിയ ഗൌരവക്കാരായിരിക്കുമല്ലേ? രവി ചോദിച്ചു.

"ഇല്ല, എപ്പോഴും അങ്ങനെയാകണമെന്നില്ല. ക്ലാസ്സ് സജീവമാക്കുന്നതിനായി ചില പ്രൊഫസ്സർമാർ തമാശകൾ പറയാറുണ്ട് . ആദ്യകാല ക്ലാസ്സുകളിൽ ഞങ്ങളുടെയൊരു പ്രൊഫസ്സർ പറഞ്ഞതു കേൾക്കു: ഭാര്യയ്ക്ക് ചെവി കേൾക്കില്ലെന്നും, പക്ഷേ അവർ ഡോക്ടറെ കാണാൻ മടിക്കുന്നുവെന്നും പറഞ്ഞ് ഒരു വൃദ്ധൻ ഇ.എൻ.റ്റി ഡോക്ടറുടെ അടുത്തെത്തി. മിടുക്കനായ ഡോക്ടർ അയാൾക്കൊരുപദേശം നൽകി. അതനുസരിച്ച് അയാൾ വീട്ടിൽ ചെന്ന് ഭാര്യയിൽ നിന്നും ഇരുപതടി അകലത്തിൽ നിന്ന് ഡിന്നറിന് എന്താണുണ്ടാക്കിയിരിക്കുന്നതെന്ന് ചോദിച്ചു അയാൾക്ക് മറുപടി ലഭിച്ചില്ല, അയാൾ പിന്നീട് പതിനഞ്ചും പത്തും അടി വീതം മാറി നിന്ന് ചോദ്യമാവർത്തിച്ചു. അപ്പോഴും ഉത്തരം കിട്ടിയില്ല. ഒടുവിൽ അയാൾ അഞ്ചടി അകലത്തിൽ നിന്ന് ഉച്ചത്തിൽ വിളിച്ചു ചോദിച്ചു. ആ സ്ത്രീ സഹികെട്ട് അലറി, "പൊറോട്ടയും ചിക്കൻ കറിയുമാണെന്ന് നിങ്ങളോടു ഞാൻ മൂന്നു തവണ പറഞ്ഞു കഴിഞ്ഞു."

അവരെല്ലാവരും ചിരിച്ചു. അപ്പോൾ അഭി വീണ്ടും അടുത്ത ക്ലാസ് റ്റും തമാശയിലേയ്ക്ക് വന്നു, "മറ്റൊരു പ്രൊഫസ്സർ പറഞ്ഞ നല്ലൊരു കഥ കേൾക്കു. ഒരു ക്രിസ്ത്യാനിയുടെ മരണക്കിടക്കയിൽ കാണാനെത്തിയാണു പുരോഹിതൻ. മരിക്കാൻ കിടന്ന വ്യക്തി ഒരു കടലാസും, പേനയും വേണമെന്ന് ആംഗ്യത്തിലൂടെ ആവശ്യപ്പെട്ടു. പുരോഹിതൻ അതു നൽകി. അയാളതിൽ എന്തോ എഴുതി. പക്ഷേ പുരോഹിതൻ അതു വായിക്കുന്നതിനു മുമ്പ് ആൾ മരിച്ചു. പിന്നീട്, അയാളുടെ ശവസംസ്കാരത്തിൽ പങ്കെടുത്തുകൊണ്ടിരിക്കുമ്പോഴാണ് വായിക്കാതെ പോക്കറ്റിൽ

നിക്ഷേപിച്ച ആ കടലാസിനെപ്പറ്റി പുരോഹിതന് ഓർമ്മ വന്നത്. പെട്ടെന്ന് അദ്ദേഹം അതു പുറത്തെടുത്ത് ഉറക്കെ വായിച്ചു, "നോക്കു, നിങ്ങളെൻറെ ഓക്സിജൻ പൈപ്പിന്മേലെയാണു നിൽക്കുന്നത്." അതുകേട്ട് ചിരി അടക്കാൻ പാടുപെട്ടു കൊണ്ട് രവി പറഞ്ഞു, എന്തായാലും നിങ്ങളുടെ ക്ലാസ്സൊന്നും അത്ര വിരസമാകുന്നില്ലല്ലോ"

പിന്നീട് അഭി, അവരുടെ അധ്യാപകരെപ്പറ്റി രവിയോടും പ്രദീപിനോടും ചോദിച്ചു. രവി പറഞ്ഞു, 'നല്ല ഒരു പ്രൊഫസ്സറുടെ ക്ലാസ്സ് ഒരു പെൺകുട്ടിയുടെ മിനി സ്കേർട്ട് പോലെയാണ്. വിഷയത്തെ പൂർണമായും ഉൾക്കൊള്ളാൻ മാത്രം വലുതും, കൌതുകം ഉണർത്താൻ തക്ക ചെറുതും." അഭി പുഞ്ചിരിക്കുന്നതുകണ്ട് പ്രദീപ് പറഞ്ഞു, "ചിലപ്പോഴൊക്കെ തീരെ അസഹനീയമായ തമാശകളും കേൾക്കാറുണ്ട്, അതിലൊന്നാണിത്. ഒരിക്കൽ എഞ്ചിനീയറിംഗ് കോളജിലെ എല്ലാ പ്രൊഫസ്സർമാരും ഒരു വിമാനത്തിൽ ഒന്നിച്ചുകയറിയപ്പോൾ ആ വിമാനം അവരുടെ വിദ്യാർത്ഥികൾ നിർമ്മിച്ചതാണെന്ന് അറിയിപ്പുണ്ടായി. പ്രിൻസിപ്പാൾ ഒഴികെ എല്ലാവരും പരിഭ്രാന്തരായി പെട്ടെന്ന് വിമാനത്തിൽ നിന്നിറങ്ങി. അദ്ദേഹത്തിനു മാത്രം തൻറെ വിദ്യാർത്ഥികളിൽ പൂർണ്ണ വിശ്വാസമുണ്ടായിരുന്നു, അദ്ദേഹം പറഞ്ഞു, "ഈ വിമാനം തീർച്ചയായും സ്റ്റാർട്ട് ആവുകയില്ല".

മറ്റൊരു "ഇൻറലിജൻറ്" പ്രൊഫസ്സറുടെ കാര്യം കേൾക്കു. എല്ലാ അധ്യാപകരും എപ്പോഴും, ക്ലാസ്സിൽ പുറത്ത് നിർത്തിയിരുന്ന ഒരു വിദ്യാർത്ഥിയെ ആ പ്രൊഫസ്സർ മാത്രം വഴക്കു പറഞ്ഞിരുന്നില്ല. അതിൻറെ കാരണമന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞതെന്താണെന്നോ? ഈ ലോകത്തിൽ ആരും ഉപയോഗ ശൂന്യരായിട്ടില്ല, ഒരു ചീത്ത വിദ്യാർത്ഥിയുടെ ഉദാഹരണമായി മറ്റുള്ളവർക്കു കാണിച്ചു കൊടുക്കാനാണ് ഞാനീ കുട്ടിയെ ഉപയോഗിക്കുന്ന

തെന്നാണ്.' രവി അതേ അദ്ധ്യാപകനെ കുറിച്ച് മറ്റൊരു കാര്യം പറഞ്ഞു.

ചിലരൊക്കെ, ഒരുപക്ഷേ ഇഷ്ടപ്പെടുന്നതരം ചില തമാശകളുണ്ടായിരുന്നു അദ്ദേഹത്തിന്. ഒരിക്കൽ അദ്ദേഹമൊരു കുട്ടിയോട്ട പറഞ്ഞു, "ഇരുട്ടിൽ നീ സുന്ദരനാണ്." ക്ലാസ്സിലെ കുറേ കുട്ടികകൾ ആർത്തുചിരിച്ചപ്പോൾ വിഷമിച്ച നിന്ന അവനോട് അദ്ദേഹം ശാന്തമായി പറഞ്ഞു, "ഒരിക്കൽ നിനക്ക് നിൻറെ മുടി നഷ്ടമാകും, പല്ലും നഷ്ടമാകും, പണവും മനസ്സും നഷ്ടമാകും. പക്ഷേ ഒന്നു മാത്രം നിനക്കൊരിക്കലും നഷ്ടമാകില്ല, നിൻറെ സൌന്ദര്യം. കാരണം, ഇല്ലാത്ത ഒന്ന് എങ്ങനെയാണ് നഷ്ടമാകുക? മറ്റൊരവസരത്തിൽ അദ്ദേഹം ഇങ്ങനെയും പറഞ്ഞതോർക്കുന്നു: "പ്രകാശം ശബ്ദത്തെക്കാൾ കൂടുതൽ വേഗത്തിൽ സഞ്ചരിക്കുന്നു. അതിനാലാണു ആളുകൾ പറയുന്നതു കേൾക്കുന്നതിനു മുമ്പേ അവർ കൂടുതൽ നല്ലവരായി നമുക്കു തോന്നുന്നത്."

ഇങ്ങനെയോരോ വർത്തമാനങ്ങൾ പറഞ്ഞ് കൊണ്ട്, അവർ പതുക്കെ ഉറക്കത്തിലേയ്ക്ക് വഴുതി വീണു.

*******

**After 8 days . . .**

# ഉപസംഹാരം

അധികം വൈകാതെ ശേഖർ തൻറെ മരുമക്കൾക്ക് ഒരു ഇ–മെയിൽ അയച്ചു:

"ഭാരത് സിന്ദാബാദ്. ബകാസുരന്മാർ മുർദാബാദ്. ബകാസുരന്മാർക്കെതിരെയുള്ള നിങ്ങളുടെ മുന്നേറ്റം ശക്തി പ്രാപിക്കുന്നുവെന്ന് പ്രതീക്ഷിക്കുന്നു. അതേ സമയം നമുക്ക് ആഘോഷിക്കാനുള്ള ഒരു കാരണം കിട്ടിയിട്ടുണ്ട്. ആദ്യമായാണ് അങ്ങനെയൊന്ന് സംഭവിക്കുന്നത്."

നിങ്ങൾ വായിച്ചുകാണും. അടുത്തകാലത്ത്, സുപ്രീം കോടതി അതിൻറെ വിധികളിലൂടെ രാഷ്ട്രീയ വർഗ്ഗത്തിന് ഇരട്ടപ്രഹരമാണേൽപ്പിച്ചത്. ഈ വിധികൾ രാഷ്ട്രീയത്തിലെ ക്രിമിനലുകളിൽ നിന്ന് രാജ്യത്തിന് വലിയ ഒരാശ്വാസം തരേണ്ടതാണ്. ലിലി തോമസ് എന്ന വന്ദ്യവയോധികയായ അഭിഭാഷകയ്ക്കും, ജൻ ചൌക്കിദാർ പ്രവർത്തകൻ ബസന്ത് കുമാർ ചൌധരിയ്ക്കും അഭിവാദ്യങ്ങൾ!

ആദ്യമായി, ലിലി തോമസിൻറെ പരാതിയിന്മേലുള്ള വിധി കുറ്റം വിധിക്കപ്പെട്ട സാമാജികരുടെ സ്വപ്നയാത്ര അവസാനിപ്പിച്ചു. വർഷങ്ങളായി, അത്തരം ആളുകൾക്ക് ജനപ്രാതിനിധ്യനിയമം വകുപ്പ് 8 (4) പ്രകാരം, മൂന്ന് മാസത്തേയ്ക്കോ, അവരുടെ അപ്പീലിന്മേൽ അന്തിമവിധി ഉണ്ടാകുന്നതു വരെയോ തങ്ങളുടെ സീറ്റുകൾ നിലനിർത്താമെന്ന വ്യവസ്ഥയിൽ അഭയം തേടുകയാ യിരുന്നു അവരുടെ പതിവ്. ഇപ്പോൾ കോടതി അങ്ങനെയൊരു ഇളവ് എടുത്തുകളഞ്ഞു എന്നു മാത്രമല്ല, അവരുടെ അപ്പീലുകൾ മേൽക്കോടതിയിൽ നിലനിൽക്കുന്നുണ്ടെങ്കിൽ തന്നെ അവരെ അടുത്ത തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് വിലക്കുകയും ചെയ്തു. ഒരു ഗംഭീരവിജയമല്ലേ അത്?

തുടർന്ന് പെട്ടെന്ന് തന്നെ, ജൻ ചൌക്കിദാർ കേസിലെ പട്ന ഹൈക്കോടതി വിധിയെ ശരിവെച്ചു കൊണ്ട് സുപ്രീം കോടതി രാഷ്ട്രീയ വർഗ്ഗത്തിന് കൂടുതൽ ശക്തിയുള്ള പ്രഹരമേൽപ്പിച്ചു. ജനപ്രാതിനിധ്യനിയമം വകുപ്പ് 62(5) ൻറെ വ്യാപ്തി വികസിപ്പിച്ചുകൊണ്ട്, ജയിലിൽ അടയ്ക്കപ്പെട്ടുകയോ, പോലീസിൻറെ നിയമാനുസൃതമായ കസ്റ്റഡിയിലായിരിക്കുകയോ ചെയ്യുന്ന ഒരാൾക്ക് ഒരു പൊതുതെരഞ്ഞെടുപ്പിലും വോട്ട് ചെയ്യാനാവില്ലെന്ന്, വ്യക്തവും, കൃത്യവുമായ വിധിയാണ് സുപ്രീം കോടതി പുറപ്പെടുവിച്ചത്. ഒരാൾ സമ്മതിദായകൻ അല്ലാതിരിക്കുമ്പോൾ അയാൾക്ക് പാർലമെൻറിലേക്കോ, സംസ്ഥാന നിയമസഭയിലേക്കോ മത്സരിക്കാൻ അർഹതയില്ലെന്ന് അവർ വിധിച്ചു. തടവിലുള്ള ഒരാളെ വോട്ട് ചെയ്യാൻ അനുവദിക്കുന്നില്ലെങ്കിൽ, എങ്ങനെയാണ് അയാളെ മത്സരിക്കാൻ അനുവദിക്കുക?" തികച്ചും യുക്തിസഹം, അല്ലേ ?

അഭിവാദ്യങ്ങൾ! അഭിനന്ദനങ്ങൾ! ജഡ്ജിമാർ സമൂഹത്തിന് വലിയ ഒരു സേവനമാണ് ചെയ്തത്.

തീർച്ചയായും, നമ്മുടെ തെരഞ്ഞെടുപ്പ് സംവിധാനത്തെ ശുദ്ധീകരിക്കുന്നതിൻറെ ആദ്യപടികളാണിവ. ഒരു പക്ഷെ, നമ്മുടെ രാജ്യത്തേയും, ജനാധിപത്യത്തേയും നല്ല ദിനങ്ങൾ കാത്തിരിക്കുന്നുണ്ടാവും. ഓ, സോറി, എൻറെ നാവുപിഴ ക്ഷമിക്കുക. നാമിപ്പോഴും യഥാർത്ഥ ജനാധിപത്യം ആയിട്ടില്ല. നാമിതിനെ കുടുംബാധിപത്യം എന്നാണ് വിളിക്കേണ്ടത്. കാരണം, ബകാസുരന്മാരുടെ സമ്പാദ്യത്തിൻറേയും, പാരമ്പര്യത്തിൻറേയും പിൻതുടർച്ച പറ്റി, അവരുടെ കൊഴുത്തുരുണ്ട സന്തതികൾ രംഗത്ത് വന്ന് പുത്തൻ രാജവംശങ്ങളുടെ തുടർച്ചയാവുകയാണ്. തങ്ങളുടെ പിതാക്കന്മാരുടെ മന:സാക്ഷിയില്ലാത്ത പ്രവൃത്തികൾ കണ്ടുശീലിച്ച അവർക്ക് അവരുടെ പിതാക്കന്മാരുടെ പാത പിന്തുടരുന്നതിലും, അവരുടെ ദുർഭരണവും, ദുഷ്പ്രവൃത്തികളും ആവർത്തിക്കുന്നതിലും വിഷമമൊന്നുമുണ്ടാവില്ല. അല്ലാതെ എങ്ങനെയാണ് സത്യസ

സ്ഥനും, പ്രവർത്തനോന്മുഖനുമായ ദുർഗ എന്ന യുവ ഓഫീസറെ നോയിഡയിലെ മണൽ മാഫിയയുടെ നിയമവിരുദ്ധനടപടികൾ തടഞ്ഞു എന്നതിൻറെ പേരിൽ സസ്പെൻഡ് ചെയ്തതിനെ വിശദീകരിക്കുക? ആ മാഫിയയ്ക്ക് ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനത്തിൻറെ ഭരണത്തിലെ ബകാസുരന്മാരുമായുള്ള ബന്ധം അങ്ങേയറ്റം വ്യക്തവുമാണ്. ഖേംകാ എന്ന സത്യസന്ധനായ ഓഫീസർ തുറന്നു കാട്ടിയിട്ടും, റൊബർട്ട് വധെര നടത്തുന്ന കള്ളത്തരങ്ങൾ ഇപ്പോഴും മൂടിവെയ്ക്കപ്പെടുന്നത് എങ്ങനെ ന്യായീകരിക്കാൻ കഴിയും?

സത്യസന്ധമായി പറഞ്ഞാൽ, ഈ കോടതിവിധികൾ ദുരുപ യോഗം ചെയ്യപ്പെടാമെന്നും, രാഷ്ട്രീയപക തീർക്കാൻ പ്രതിയോ ഗികൾ അതുപയോഗപ്പെടുത്തിയേക്കാമെന്നുമുള്ള ചില രാഷ്ട്രീയക്കാ രുടെ ഭയത്തെ, മറ്റു പലരേയും പോലെ, ഞാനും കാര്യമായെ ടുക്കുന്നില്ല. എത്ര കാലമായി ക്രിമിനലുകൾ ഭരണസംവിധാനത്തിൽ സ്വൈരവിഹാരം നടത്തുന്നു. മിക്കവാറും എല്ലാ പാർട്ടികളും, അവരെ വളർത്തുകയും, സംരക്ഷിക്കുകയും ചെയ്യുന്നത് കൊണ്ട് തന്നെ നമുക്ക് മടുത്തിട്ടുണ്ട്. തീർച്ചയായും ഈ വിധികൾ ഒരു മാറ്റം കൊണ്ടു വരും. രാഷ്ട്രീയപാർട്ടികൾ സ്വീകരിക്കുന്ന എല്ലാ സംഭാവനകളും തുറന്നു പ്രഖ്യാപിക്കണമെന്ന കേന്ദ്ര ഇൻഫൊമേ ഷൻ കമ്മീഷൻറെ ഉത്തരവിനെ തകിടം മറിക്കാനും, നിയമം ഭേദഗതി ചെയ്യാനും ഇപ്പോൾ തന്നെ രാഷ്ട്രീയക്കാർ തലപുകഞ്ഞാ ലോചിക്കുന്നുണ്ട്. അവരുടെ ഇടപാടുകൾ എത്ര ചീഞ്ഞളിഞ്ഞ താണെന്ന് ഇത് കാണിക്കുന്നു. അവർ സുതാര്യത ആഗ്രഹിക്കുന്നില്ല. ഇപ്പോൾ ഈ വിധിപ്രസ്താവങ്ങൾ അവരെ ഭയപ്പെടുത്തിയിരിക്കുന്നു. അപ്പീലിന് പോകാനും, നിയമനിർമ്മാണ നടപടികളിലൂടെ പാർലമെൻറിൻറെ പരമാധികാരം ഉറപ്പിക്കാനു മൊക്കെ അവർ ആലോചിച്ചു വരികയാണ്. അവരുടെ ദുർഭര ണത്തെ ശാശ്വതീകരിക്കാൻ മാത്രമാണ് അവർ ആഗ്രഹിക്കുന്നത്. അത്തരം ശ്രമങ്ങളെ തടയാനുള്ള വഴികൾ സുപ്രീം കോടതി തന്നെ കണ്ടെത്തുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

അതേ സമയം നാം ആഘോഷിക്കുക. ഭയചകിതരായ രാഷ്ട്രീയക്കാരുടേയും, അവർക്കു വേണ്ടി വാദിക്കുന്ന നിയമ വിദഗ്ധരുടേയും വാദകോലാഹലങ്ങൾ നടക്കുമ്പോൾ തന്നെ, ഈ രണ്ട് വിധികളും, അഴിമതിയിലും, കുംഭകോണങ്ങളിലും പൂണ്ടുനിൽക്കുന്നതും, ക്രിമിനൽവൽക്കരിക്കപ്പെട്ടതുമായ നമ്മുടെ സമൂഹത്തിൽ ലക്ഷക്കണക്കിനാളുകളുടെ മുഖങ്ങളിൽ പുഞ്ചിരി പരത്തുന്നുണ്ട്. മന:സാക്ഷിയുള്ള ജഡ്ജിമാർ ന്യായപീഠങ്ങളിലിരിക്കുമ്പോൾ ജനങ്ങൾക്ക് പുഞ്ചിരിക്കാതിരിക്കാൻ കഴിയുമോ?

നാം പുഞ്ചിരിക്കും. നാം ആഘോഷിക്കും, കാരണം, നമ്മുടെ പ്രതീക്ഷകൾക്ക് പുതുജീവൻ കിട്ടിയിരിക്കുന്നു. ചുരുങ്ങിയ പക്ഷം ക്രിമിനലുകൾ ഇനി അധികാരത്തിലിരിക്കില്ല. അവർക്ക് ഇനി അവരെ തന്നെ അലക്കി വെളുപ്പിച്ച്, ശുഭ്രവസ്ത്രധാരികളായ രാഷ്ട്രീയക്കാരായി രൂപം മാറ്റാൻ കഴിയില്ല.

ഇന്നല്ലെങ്കിൽ നാളെ, പ്രഭുകുടുംബങ്ങളുടെയും, രാജവംശങ്ങളുടേയും സർക്കാരുകളും ഒരു ഭൂതകാല സംഭവമായി മാറുകയും രാജ്യം സത്യസന്ധരും, അർപ്പണബോധമുള്ളവരുമായ നേതാക്കളുടെ കൈകളിൽ സുരക്ഷിതമാവുകയും ചെയ്യും. ശക്തമായ ഒരു ലോക്പാൽ നിലവിൽ വരികയും, ഭരണനിർവ്വഹണത്തിൽ നിന്ന് ബകാസുരന്മാരെ തുരത്തിയോടിക്കുകയും ചെയ്യും. ഇന്ത്യ അപ്പോൾ യഥാർത്ഥ ജനാധിപത്യം അനുഭവിക്കും.

ബകാസുരൻ മൂർദാബാദ്, ഭാരത് സിന്ദാബാദ് എന്ന് ഉച്ചത്തിൽ വിളിച്ച് ഭോപ്പാലിൽ രവിയും, പ്രദീപും ആഘോഷിച്ചു. പെട്ടെന്ന് തന്നെ ആ ഇ–മെയിൽ അപ്പോഴേയ്ക്കും ആയിരം പേർ അംഗങ്ങളായി ചേരുകയും, അനുദിനം വളരുകയും ചെയ്തുകൊണ്ടിരുന്ന 'യുവജന ബ്രിഗേഡി'ൽ വൈറലായി പടർന്നു. അവർ അവരുടെ ബന്ധുക്കളിലും, സുഹൃത്തുക്കളിലും പെട്ട അയ്യായിരം ബകാസുരന്മാരുടെ പേരുകൾ അപ്‌ലോഡ് ചെയ്തു കഴിഞ്ഞിരുന്നു.

*******